# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:***342** 16.12.2014 ൽ മറുപടിക്ക്

## റെയിൽവേ വികസന പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.വി.രാജേഷ് :**<br>**,, ബി.സത്യൻ :**<br>**,, വി.ചെന്താമരാക്ഷൻ :**<br>**,, ബി.ഡി. ദേവസ്സി :** | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് റെയിൽവേ മേഖലയിൽ നടപ്പാക്കേണ്ട പദ്ധതികൾ കണ്ടെത്തുന്നതിനും ആവിഷ്കരിക്കുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (എ) | സംസ്ഥാനത്തെ റെയിൽവേയിൽ നടപ്പാക്കേണ്ട പദ്ധതികൾ കണ്ടെത്തുന്നതിനും ആവിഷ്കരിക്കുന്നതിനും നിലവിൽ സംസ്ഥാന സർക്കാരിന് പ്രത്യേക സംവിധാനങ്ങൾ ഒന്നും ഇല്ല. എന്നാൽ കേരളത്തിലെ എം.പി മാരുൾപ്പെടെയുള്ള ജനപ്രതിനിധികൾ റെയിൽവേ പദ്ധതികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ സർക്കാരിൽ എല്ലാവർഷവും സമർപ്പിക്കുന്നത് ക്രോഡീകരിച്ചു പ്രത്യേക യോഗം ചേർന്ന് അവലോകനം ചെയ്ത് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയാണ് സംസ്ഥാന ഗവൺമെന്റ് ചെയ്തുവരുന്നത്. |
| (ബി) | റെയിൽവേ സംസ്ഥാനത്ത് പ്രഖ്യാപിക്കുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തു ന്നതിനും യഥാസമയം ഇടപെടുന്നതിനും നിലവിലുള്ള സംവിധാനം എത്രത്തോളം പര്യാപ്തമാണ് ? | (ബി) | പുരോഗതി വിലയിരുത്തുന്നിന് നിലവിലെ സംവിധാനം ഏറെക്കുറെ പര്യാപ്തമാണ്. സംസ്ഥാനത്തിന്റെ സമഗ്രമായ റെയിൽവേ വികസനത്തിന് ആവശ്യമായ കാര്യങ്ങളെല്ലാം തന്നെ നടപ്പിലാക്കേണ്ടത് റെയിൽവേയാണ്. എന്നാൽ ആവശ്യത്തിന് ഫണ്ട് റെയിൽവേയിൽ നിന്നും കൃത്യമായി |

| | | | |
|---|---|---|---|
| | | | ലഭ്യമാകാത്തതിനാലും സ്ഥലമേറ്റെടുത്ത് റെയിൽവേക്ക് നല്കുന്നതിനുണ്ടായ തടസ്സങ്ങളും കാരണവും പാതയിരട്ടിപ്പിക്കൽ, ഗേജ്മാറ്റം തുടങ്ങിയ പണികൾ പൂർത്തിയാകാത്തതെന്ന് വിലയിരുത്തുകയും ഈ പണികൾക്ക് കൃത്യമായി ആവശ്യമായ തുകകൾ ലഭ്യമാക്കി, പണികൾ റെയിൽവേ സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടുണ്ട്. അതിനായി സംസ്ഥാന സർക്കാർ നിരന്തരമായി കേന്ദ്ര റെയിൽവേ മന്ത്രാലയത്തിലും റെയിൽവേയുടെ എല്ലാ തലങ്ങളിലും സമ്മർദ്ദം ചെലുത്തുന്നുമുണ്ട്.<br>കൂടാതെ എല്ലാ വർഷവും റെയിൽവേ ബഡ്ജറ്റിനു മുന്നോടിയായി കേരളത്തിലെ ലോകസഭാ, രാജ്യസഭാ, എം.പി മാരുടെ യോഗം ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേരുകയും റെയിൽവേ വികസനവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ചർച്ച ചെയ്യുകയും മെമ്മോറാണ്ടം തയ്യാറാക്കി കേന്ദ്ര സർക്കാരിലും റെയിൽവേ മന്ത്രാലയത്തിലും അയച്ച് വേണ്ട സമ്മർദ്ദം ചെലുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ